പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 975 | 2/12/2015-ലെ മറുപടിയ്ക്ക്

## തൊഴിൽ രഹിതർക്ക് പുതിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഷിബു ബേബിജോൺ<br>തൊഴിലും നൈപുണ്യ വും വകുപ്പു മന്ത്രി) |
| (എ) തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്ക് 4% പലിശയിൽ 25 ലക്ഷം രൂപ വരെ ലോൺ അനുവദിക്കുന്നതിനുള്ള പ്രത്യേക തൊഴിൽദാന പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോയെന്ന വിശദമാക്കുമോ: | (എ) എംപ്ലോയ് മെന്റ് വകുപ്പ് മുഖേന തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് 4% പലിശയിൽ 25 ലക്ഷം രൂപ വരെ ലോൺ അനുവദിക്കുന്നതിനുള്ള പ്രത്യേക തൊഴിൽദാന പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളോ, നിർദ്ദേശങ്ങളോ പരിഗണനയിലില്ല. എന്നാൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി Entrepreneurship Development India, Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് കൊച്ചിയിൽ ഒരു സെന്റർ തുടങ്ങുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| ബി) തൊഴിൽരഹിത യുവജനങ്ങൾക്ക് നൈപുണ്യ പദ്ധതിയിലൂടെ പഞ്ചായത്തുകൾ തോറും പരിശീലന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോയെന്ന വിശദമാക്കുമോ? | ബി) തൊഴിൽരഹിത യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കൗശലകേന്ദ്രങ്ങൾ കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും ആരംഭിച്ചിട്ടുണ്ട്. മറ്റുള്ള ജില്ലകളിലും കൗശലകേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തിരമായി പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്ത് നടന്ന തോട്ടം തൊഴിലാളി സമരം 14.10.2015 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ വെച്ച് ഒത്തുതീർപ്പായി. ഇതുപ്രകാരമുള്ള തൊഴിലാളികളുടെ വേതനവർദ്ധനവ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചുവടെ പറയും പ്രകാരമാണ്. തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽ നിന്നും 301 രൂപയായി വർദ്ധിപ്പിച്ചു. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽ നിന്നും 381 രൂപയാക്കി.

(ബി) പ്രസ്തുത വ്യവസ്ഥകളും തീരുമാനങ്ങളും പൂർണ്ണമായും നടപ്പിലാക്കികഴിഞ്ഞോ ;

(ബി) ബോണസ് സംബന്ധിച്ച് ഒത്തുതീർപ്പ് നടപ്പിലായി 20% ബോണസ് തൊഴിലാളികൾക്ക് വിതരണം ചെയ്തു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി.

(സി) ഇല്ലെങ്കിൽ ഏതൊക്കെ തീരുമാനങ്ങളാണ് നടപ്പിലാക്കിയതെന്നും ഏതൊക്കെ തീരുമാനങ്ങളാണ് ഇനി നടപ്പിലാക്കേണ്ടതെന്നും വ്യക്തമാക്കുമോ ;

(സി) വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി. ബാക്കിയുള്ള വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) നടപ്പിലാക്കേണ്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഡി) ബോണസ്, വേതനവർദ്ധനവ് എന്നിവ ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനം ആകേണ്ടതുണ്ട്. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ടി തീരുമാനങ്ങൾ നടപ്പിലാക്കാത്ത തോട്ടമുടമകൾക്കെതിരെ 1951-ലെ പ്ലാന്റേഷൻ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ